## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - നബാർഡ് ആർ.ഐ.ഡി.എഫ്. IX - ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് - മുള്ളൻകുഴി ഒടിയപ്പാറ റോഡ് പ്രവൃത്തി - ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും തുക കൈമാറിയത് - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ.)നം.567/14/തസ്വഭവ　　　　തിരുവനന്തപുരം, തീയതി, 26.02.2014

==========================================================================

പരാമർശം: 1. 24.12.2013 ലെ ഗ്രാമവികസന കമ്മീഷണറുടെ 14047/ആർ&ഐ.2/05 സി.ആർ.ഡി. നമ്പർ കത്ത്.

2. 22.10.2010 ലെ WP(C)21656/09(B) യിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ്.

### <u>ഉത്തരവ്</u>

നബാർഡ് ആർ.ഐ.ഡി.എഫ്. IX ൽ അംഗീകാരം ലഭിച്ച ഇളംകുളം ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ മുള്ളൻകുഴി ഒടിയപ്പാറ റോഡ് നിർമ്മാണ പ്രവൃത്തിയുടെ കരാറുകാരന് ബിൽതുകയിലെ ബാധ്യത തീർക്കാൻ പരാമർശം(2) പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയനുസരിച്ച് ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 7,48,547/- (ഏഴുലക്ഷത്തി നാൽപ്പത്തി എട്ടായിരത്തി അഞ്ഞൂറ്റി നാൽപ്പത്തിയേഴ് രൂപമാത്രം) നൽകിയ ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പ്രവൃത്തി സാധൂകരിക്കണമെന്ന് പരാമർശം(1)പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മുള്ളൻകുഴി ഒടിയപ്പാറ റോഡ് നിർമ്മാണ പ്രവൃത്തിയുടെ കരാറുകാരന്റെ ബാധ്യത തീർക്കാൻ 7,48,547/- (ഏഴുലക്ഷത്തി നാൽപ്പത്തി എട്ടായിരത്തി അഞ്ഞൂറ്റി നാൽപ്പത്തിയേഴ് രൂപമാത്രം) ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,<br>
അനിത ദാമോദരൻ,<br>
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, ഇളംദേശം, തൊടുപുഴ താലൂക്ക്.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ